ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പി എം കിസാൻ സമ്മാൻ നിധിയുടെ ഭാഗമായി കർഷകർക്ക് 20,000 കോടിയിലധികം രൂപ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വിതരണം ചെയ്യും; കോട്ടയത്ത് നടക്കുന്ന കിസാൻ സമ്മേളനത്തിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പങ്കെടുക്കും.

   Prime Minister Narendra Modi will distribute more than 20,000 crore rupees to farmers tomorrow as part of PM Kisan Samman Nidhi; Union Minister of State George Kurian will participate in the Kisan Conference to be held in Kottayam.

2. പശ്ചിമ ബംഗാളിൽ ട്രെയിനുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരണം ഒൻപതായി; ആശ്രിതർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം പ്രഖ്യാപിച്ച് കേന്ദ്രം; റെയിൽവേ സേഫ്റ്റി കമ്മീഷർ അന്വേഷിക്കും

   Death toll rises to nine in train collision in West Bengal; Center announces compensation for dependents and injured; The Railway Safety Commissioner will investigate.

3. മണിപ്പൂരിലെ ക്രമസമാധാനം വിലയിരുത്താൻ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ ഉന്നതതലയോഗം ചേർന്നു.

   A high-level meeting was held in New Delhi under the leadership of Union Home Minister Amit Shah to assess the law and order situation in Manipur

4. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ഈ മാസം ട്രയൽ റൺ ആരംഭിക്കാൻ തീരുമാനിച്ച് സംസ്ഥാന സർക്കാർ

State government decided to start trial run at Vizhinjam International Port this month

5. ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് രാത്രി എട്ടിന് നടക്കുന്ന മത്സരത്തിൽ ന്യൂസിലൻഡ് പാപ്പുവ ന്യൂ ഗിനിയുമായി ഏറ്റുമുട്ടും.

New Zealand will face Papua New Guinea in the T20 World Cup cricket match tonight at 8 PM

## PM-UP-BIHAR

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെയും മറ്റന്നാളുമായി ഉത്തർപ്രദേശും ബിഹാറും സന്ദർശിക്കും. നാളെ വൈകിട്ട് ശ്രീ.നരേന്ദ്രമോദി ദശാശ്വമേധ ഘട്ടിൽ ഗംഗ ആരതിയിൽ പങ്കെടുക്കും. കാശി വിശ്വനാഥ ക്ഷേത്രത്തിലും അദ്ദേഹം ദർശന നടത്തും. മറ്റന്നാൾ നളന്ദ സർവകലാശാലയുടെ രാജഗിരിലുള്ള ക്യാമ്പസ് ഉദ്ഘാടനം ചെയ്യും. 17 രാജ്യങ്ങളുടെ പ്രതിനിധികൾ നളന്ദയിലെ ചടങ്ങിൽ പങ്കെടുക്കും. 1900 പേരെ ഉൾക്കൊള്ളിക്കാവുന്ന വിശാല ക്യാമ്പസ്സിൽ രണ്ടു ബ്ലോക്കുകളിലായി 40 ക്ലാസ് മുറികളാണ് സജ്ജമാക്കിയിട്ടുള്ളത്. 500 വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യവും ക്യാമ്പസ്സിൽ ഉണ്ടാകും. നെറ്റ് സീറോ ഹരിത ക്യാമ്പസ് മാതൃകയിലാണ് നിർമാണം പൂർത്തീകരിച്ചിട്ടുള്ളത്. സൗരോർജ്ജ പ്ലാൻറ്, കുടിവെള്ള ശുചീകരണ സംവിധാനം, സ്പോർട്സ് കോംപ്ലക്സ് എന്നിവയും ക്യാമ്പസ്സിൻറെ ഭാഗമാണ്.

## KISAN SAMMAN NIDHI (INTRO)

പി എം കിസാൻ സമ്മാൻ നിധിയുടെ പതിനേഴാം ഗഡുവിൻറെ ഭാഗമായി 20,000 കോടിയിലധികം രൂപ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വിതരണം ചെയ്യും. വാരാണസിയിൽ നടക്കുന്ന ചടങ്ങിൽ 9 കോടി 26 ലക്ഷത്തോളം കർഷകർക്ക് തുക കൈമാറും. സ്വയം സഹായ സംഘങ്ങളിലെ 30,000 വനിതാകർഷകർക്ക് കൃഷി സഖികൾക്കുള്ള സാക്ഷ്യപത്രവും പ്രധാനമന്ത്രി വിതരണം ചെയ്യും.

വിശദാംശങ്ങളിലേക്ക്...
(വോയിസ്)

രാജ്യത്തെ 732 കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, ഒരു ലക്ഷത്തിലധികം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, 5 ലക്ഷം പൊതു സേവന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി 2.5 കോടിയിലധികം കർഷകർ പരിപാടിയിൽ പങ്കെടുക്കും. സ്വയം സഹകരണ സംഘങ്ങളിൽ അംഗങ്ങളായ 30,000 വനിതാകർഷകർക്കു കൃഷി സഖികൾക്കുള്ള സാക്ഷ്യപത്രവും പ്രധാനമന്ത്രി വിതരണം ചെയ്യും. തിരഞ്ഞെടുത്ത 50 കൃഷി വികാസ് കേന്ദ്രങ്ങളിൽ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പ്രത്യേക പരിപാടികളിൽ കേന്ദ്രമന്ത്രിമാർ പങ്കെടുക്കും. ഗഡു വിതരണ ഉദ്ഘാടനത്തോടനുബന്ധിച്ച് കോട്ടയം കുമരകത്തെ കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പങ്കെടുക്കും. ഭൂമി കൈവശമുള്ള എല്ലാ കർഷകരുടെയും സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പിഎം-കിസാൻ പദ്ധതി 2019 ഫെബ്രുവരി 24-നാണ് ആരംഭിച്ചത്. ഓരോ നാല് മാസത്തിലും മൂന്ന് തുല്യ ഗഡുക്കളായി പ്രതിവർഷം 6,000/- രൂപയുടെ സാമ്പത്തിക ആനുകൂല്യം, നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറും. രാജ്യത്തുടനീളമുള്ള 11 കോടിയിലധികം കർഷകർക്ക് ഇതുവരെ പദ്ധതിയിലൂടെ 3.04 ലക്ഷം കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

## TRAIN ACCIDENT NEW

പശ്ചിമബംഗാളിലെ സിലിഗുഡി സബ് ഡിവിഷന് കീഴിലുള്ള രംഗപാണി സ്റ്റേഷന് സമീപം ട്രെയിനുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരണ സംഖ്യ 9 ആയി. 50 ഓളം പേർക്ക് പരിക്കേറ്റു. കാഞ്ചൻ ജംഗ എക്സ്പ്രസിൻറെ പിൻഭാഗത്തേക്ക് ചരക്ക് തീവണ്ടി ഇടിച്ചുകയറിയാണ് അപകടമുണ്ടായത്. രാവിലെ 9.30-ഓടെയായിരുന്നു സംഭവം. പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരെ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് സന്ദർശിച്ചു. അപകടത്തെക്കുറിച്ച് റെയിൽ സേഫ്റ്റി കമ്മീഷണർ അന്വേഷിക്കുമെന്ന് മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. അപകടത്തിൽ രക്ഷാപ്രവർത്തനം പൂർത്തിയായതായി റെയിൽവെ ബോർഡ് ചെയർമാൻ ജയ വർമ അറിയിച്ചു. വിവരങ്ങൾ ലഭ്യമാക്കാൻ റെയിൽവെയുടെ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. ചരക്ക് തീവണ്ടിയുടെ ലോക്കോ പൈലറ്റ് സിഗ് നൽ അവഗണിച്ചതാണ് അപകട കാരണമെന്ന് കരുതുന്നു. കൂടുതൽ വിവരങ്ങൾ അന്വേഷണത്തിന് ശേഷം ലഭ്യമാകുമെന്നും ശ്രീമതി ജയ വർമ അറിയിച്ചു.

## TRAIN COLLISSION -2

പശ്ചിമ ബംഗാളിലെ ട്രെയിൻ അപകടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും, പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചനം രേഖപ്പെടുത്തി. ജീവഹാനി സംഭവിച്ചവരുടെ കുടുംബ ങ്ങളുടെ വേദനയിൽ പങ്ക് ചേരുന്നതായി രാഷ്ടപതി യും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും സമൂഹമാധ്യമത്തിലൂടെ അറിയിച്ചു.

## TRAIN COLLISION

പശ്ചിമബംഗാൾ ട്രെയിൻ അപകടത്തിൽ റെയിൽവേ നഷ്ടപരിഹാരം പ്രഖ്യാപിച്ചു. ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും ഗുരുതര പരിക്കേറ്റവർക്ക് രണ്ടര ലക്ഷം രൂപയും നിസാര പരിക്കുകൾക്ക് 50,000 രൂപയും നഷ്ടപരിഹാരം നൽകുമെന്ന് കേന്ദ്ര റയിൽവെ മന്ത്രി അശ്വനി വൈഷ്ണവ് പറഞ്ഞു. ഇതിനു പുറമെ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം പ്രഖ്യാപിച്ചു. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നൽകും.

## TRAIN OPERATION

പശ്ചിമ ബംഗാളിലെ രംഗപാണി റെയിൽവേ ജംക്ഷനു സമീപമുണ്ടായ തീവണ്ടി അപകടത്തെത്തുടർന്ന് ബർസോയ്-ന്യൂ ജൽപായ്ഗുഡി മേഖലയിൽ ട്രെയിൻ ഗതാഗതം സ്തംഭിച്ചു. ദിബ്രുഗഢ് ന്യൂഡൽഹി രാജധാനി എക്സ്പ്രസ്, ഹൗറ ന്യൂ ജൽപായ്ഗുഡി വന്ദേ ഭാരത് എക്സ്പ്രസ് എന്നിവയുൾപ്പെടെ ഒമ്പത് ട്രെയിനുകൾ വഴിതിരിച്ചുവിട്ടു. അപകടത്തെ തുടർന്ന് രാധികാപൂർ-സിലിഗുരി ഇൻ്റർസിറ്റി എക്സ്പ്രസ് ഉൾപ്പെടെയുള്ള ട്രെയിനുകൾ റദ്ദാക്കിയതായി ഡിവിഷണൽ റെയിൽവേ മാനേജർ അറിയിച്ചു.

## CONGRESS TRAIN ACCIDENT

റെയിൽവേയുടെ പ്രവർത്തനത്തിൽ വിഴ്ച ആരോപിച്ച് സർക്കാരിനെതിരെ വിമർശനവുമായി കോൺഗ്രസ്. കഴിഞ്ഞ പത്തുവർഷമായി റെയിൽവേ മന്ത്രാലയത്തിൽ കെടുകാര്യസ്ഥതയാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. പശ്ചിമ ബംഗാളിലെ ദാരുണമായ അപകടത്തിൽ ശ്രീ ഖാർഗെ ദുഃഖം രേഖപ്പെടുത്തി.

## SHAH - MANIPUR MEETING

മണിപ്പൂരിലെ ക്രമസമാധാനം വിലയിരുത്താൻ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നതതലയോഗം ചേർന്നു. ന്യൂ ഡൽഹിയിൽ നടന്ന യോഗത്തിൽ ആഭ്യന്തര സെക്രട്ടറി അജയ് ഭല്ല, കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ തുടങ്ങിയവരും കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥരും വിവിധ സുരക്ഷാസേനയിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു.

## JHARKHAND-ENCOUNTER

ഝാർഖണ്ഡിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. പടിഞ്ഞാറൻ സിംഗ്ബൂം ജില്ലയിലെ വനമേഖലയിൽ ഇന്ന് രാവിലെയാണ് ഏറ്റുമുട്ടലുണ്ടായത്. മാവോയിസ്റ്റുകൾ പതിയിരുന്ന് ആക്രമിക്കുകയായിരുന്നെന്ന് പൊലീസ് അറിയിച്ചു. പ്രദേശത്ത് നിന്ന് നിരവധി ആയുധങ്ങളും കണ്ടെടുത്തു. രണ്ട് മാവോയിസ്റ്റുകളെ അറസ്റ്റു ചെയ്തു.

## JAISHANKAR-SULLIVAN+INDIA-US ICET

വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ അമേരിക്കൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവനുമായി ന്യൂ ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി, പ്രാദേശിക, ആഗോള വിഷയങ്ങൾ സംബന്ധിച്ച് സമഗ്രമായ ചർച്ച നടന്നതായി ഡോ. ജയശങ്കർ സാമൂഹ്യ മാധ്യമത്തിൽ അറിയിച്ചു. ഇന്ത്യ-യുഎസ് തന്ത്രപരമായ പങ്കാളിത്തം ശക്തമായി തുടരുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു. ക്രിട്ടിക്കൽ ആൻഡ് എമർജിംഗ് ടെക്നോളജീസ് സംരംഭത്തിൻ്റെ രണ്ടാം വാർഷിക യോഗത്തിലും യു എസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് പങ്കെടുത്തു. സമ്മേളനത്തിനിടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായി ജെയ്ക്ക് സള്ളിവാൻ

കൂടിക്കാഴ്ച നടത്തി ഇന്ത്യ-യുഎസ് തന്ത്രപരമായ ബന്ധത്തിൻ്റെ പുരോഗതി അവലോകനം ചെയ്തു. 2022 ലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയും യു എസ് പ്രസിഡണ്ട് ജോ ബൈഡനും ക്രിട്ടിക്കൽ ആൻഡ് എമർജിംഗ് ടെക്നോളജി സംബന്ധിച്ച യുഎസ്-ഇന്ത്യ സംരംഭം പ്രഖ്യാപിച്ചത്.

## VIZHINJAM

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ഈ മാസം തന്നെ ട്രയൽ റൺ ആരംഭിക്കാൻ സംസ്ഥാന സർക്കാർ തീരുമാനം. തുറമുഖം പ്രവർത്തനം ആരംഭിക്കുന്നതിന് ഏതാനും അനുമതികൾ കൂടി ലഭിക്കാനുണ്ടെങ്കിലും ആദ്യ ഘട്ടത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇതിനകം പൂർത്തിയായിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു. കസ്റ്റംസ് അംഗീകാരം ലഭിച്ചതോടെ തുറമുഖത്തിലൂടെയുള്ള ചരക്കുനീക്കവും നിയമവിധേയമായി. വലിയ മദർഷിപ്പുകൾക്ക് എത്താൻ കഴിയുന്ന രാജ്യത്തെ ഒരേ ഒരു തുറമുഖമാണ് വിഴിഞ്ഞം.

## TWENTY 20

ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് രാത്രി എട്ടിന് നടക്കുന്ന മത്സരത്തിൽ ന്യൂസിലൻഡ് പാപ്പുവ ന്യൂ ഗിനിയുമായി ഏറ്റുമുട്ടും. രാവിലെ നടന്ന ഗ്രൂപ്പ് മത്സരങ്ങളിൽ ബംഗ്ലാദേശിനും ശ്രീലങ്കയ്ക്കും ജയം. ഗ്രൂപ്പ് - ഡിയിലെ പോരാട്ടത്തിൽ നേപ്പാളിനെ 21 റൺസിനാണ് ബംഗ്ലാദേശ് പരാജയപ്പെടുത്തിയത്. മറ്റൊരു മൽസരത്തിൽ നെതർലാൻഡ്സിനെ ശ്രീലങ്ക 83 റൺസിന് തോൽപ്പിച്ചു.

## EURO CUP

യൂറോ കപ്പിൽ റൊമാനിയ - യുക്രൈൻ മത്സരം പുരോഗമിക്കുന്നു. ജർമനിയിലെ അലയൻസ് അരീന സ്റ്റേഡിയത്തിലാണ് മത്സരം. രാത്രി 9.30 നു നടക്കുന്ന മത്സരത്തിൽ ബെൽജിയം സ്ലോവാക്യയെ നേരിടും.മറ്റൊരു മത്സരത്തിൽ ഓസ്ട്രിയ ഫ്രാൻസിനെ നേരിടും.രാത്രി 12 .30 നാണു മത്സരം.

## NEW CRIMINAL LAWS

പുതിയ ക്രിമിനൽ നിയമങ്ങളായ ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവ അടുത്ത മാസം ഒന്നു മുതൽ പ്രാബല്യത്തിൽ വരും. പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഏകീകൃതമാക്കുന്ന തിൻറെ ഭാഗമായി ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ എൻസിആർബി സംഗലൻ ഓഫ് ക്രിമിനൽ ലോസ് എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി. ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ് സ്റ്റോറിലും ആപ്പ് ലഭ്യമാകും.

## ISRAEL-WAR CABINET

ഗസയിലെ ഹമാസുമായുള്ള യുദ്ധകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള ആറംഗ പ്രത്യേക മന്ത്രിസഭ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പിരിച്ചുവിട്ടു. പ്രതിപക്ഷ നേതാവ് ബെന്നി ഗാൻ്റ്സും അദ്ദേഹത്തോടൊപ്പം നിൽക്കുന്ന ഗാഡി ഐസെൻകോട്ടും രാജിവച്ച് ഒരാഴ്ചയ്ക്കുള്ളിലാണ് നടപടി. യുദ്ധത്തെക്കുറിച്ചുള്ള തന്ത്ര പ്രധാന വിഷയങ്ങൾ ഇനി മുതൽ ചെറു ഫോറത്തിൽ ചർച്ച ചെയ്യുമെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. സംഘർഷാനന്തര ഗസയ്ക്കായിയുള്ള പദ്ധതിയുടെ അഭാവമാണ് ബെന്നി ഗാൻ്റ്സും ഐസെൻകോട്ടും രാജിവെക്കാൻ കാരണം.

## PM-AFRICA PRESIDENT

ദക്ഷിണാഫ്രിക്കൻ പ്രസിഡൻറായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട സിറിൽ റാമഫോസയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യ-ദക്ഷിണാഫ്രിക്ക സഹകരണം കൂടുതൽ ദൃഢമാക്കുന്നതിന് യോജിച്ച് പ്രവർത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി ശ്രീ നരേന്ദ്ര മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

## SIKKIM FLOOD

കനത്ത മഴയെ തുടർന്ന് സിക്കിമിലെ മംഗൻ ജില്ലയിൽ കുടുങ്ങിക്കിടക്കുന്ന 15 വിദേശ പൗരൻമാർ ഉൾപ്പെടെ 2,000 വിനോദസഞ്ചാരികളെ രക്ഷപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കാലാവസ്ഥ അനുകൂലമായതോടെയാണ് റോഡ് മാർഗം രക്ഷാപ്രവർത്തനം ആരംഭിച്ചത്. നിലവിൽ എല്ലാ വിനോദസഞ്ചാരികളും സുരക്ഷിതരാണെന്നും ആവശ്യമായ താമസസൗകര്യം ക്രമീകരിച്ചിട്ടുണ്ടെന്നും അധികൃതർ അറിയിച്ചു . മണ്ണിടിച്ചിലിനെത്തുടർന്നാണ് ലാചുങ് ടൗണിൽ കഴിഞ്ഞ രണ്ട് ദിവസമായി വിനോദസഞ്ചാരികൾ കുടുങ്ങി കിടക്കുന്നത്.

## TN-DROWN

തമിഴ്നാട്ടിൽ രാമേശ്വരത്തിന് അടുത്ത് ബോട്ട് മുങ്ങി മൂന്ന് മത്സ്യത്തൊഴിലാളികൾ മരിച്ചു. അപകടത്തിൽ മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ ദുഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് മൂന്ന് ലക്ഷം രൂപ വീതം ധനസഹായം നൽകും.